**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3161** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു .<br><br>മത്സ്യബന്ധനത്തിന് പോകുമ്പോൾ യാനങ്ങളിലെ ജീവനക്കാരുടെ രക്ഷയ്ക്കായി ജീവൻ രക്ഷ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ യാനങ്ങളിൽ കരുതണമെന്ന് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് 64 ഡിസ്ട്രെസ്സ് അലേർട്ട് ട്രാൻസ്മിറ്റർ (ഡി.എ.റ്റി), 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (എച്ച്.ആർ.പി), 66 ഇക്കോ സൗണ്ടറുകൾ, 1132 ലൈഫ് ബോയകൾ എന്നിവ സർക്കാർ സബ്സിഡിയോടെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്.<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2017-18 വർഷം മുതൽ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 2093 എണ്ണം ഹാൻഡ് ഹെൽഡ് ജി.പി.എസ്സും 908 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്സും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷം മത്സ്യബന്ധനയാനങ്ങളുടെ |

ആധുനിക വൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 660 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ് കളും 836 വി.എച്ച്.എഫ് കളും വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും നാളിതുവരെ 400 ജി.പി.എസ് കളും 300 വി.എച്ച്.എഫ് കളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ 'ഇൻകോയിസ്' വഴി യഥാസമയം ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിചേർന്നു എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു.

അടിയന്തിര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനം നടത്തി കരയിലെ ത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക എന്നീ ലക്ഷ്യങ്ങളോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടി 3 മറൈൻ ആമ്പുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. മൂന്നു മറൈൻ ആംബുലൻസുകളിലും പാര മെഡിക്കൽ സ്റ്റാഫുകൾ സീ റെസ്ക്യൂ ഗാർഡുമാർ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.

മറൈൻ ആംബുലൻസുകൾക്ക് പുറമേ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചു രക്ഷാ ബോട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്. രക്ഷാ പ്രവർത്തനങ്ങൾക്കായി ജില്ലകളിൽ നിലവിൽ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നതിന്

പുറമേ, ഫിഷറീസ് സ്റ്റേഷനുകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 2023-24 സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം തോട്ടപ്പള്ളി ഫിഷറീസ് സ്റ്റേഷൻ മുഖാന്തരമുള്ള രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു ഫൈബർ ബോട്ടും, രക്ഷാ പ്രവർത്തനങ്ങൾക്കുള്ള മറ്റ് സംവിധാനങ്ങളും ഉൾപ്പെടുന്ന ഒരു 'റെസ്ക്യൂ യൂണിറ്റ്' സജ്ജീകരിയ്ക്കുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ചു വരുകയാണ്.

കൂടാതെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും പട്രോൾ ബോട്ടുകളിൽ റെസ്ക്യൂ ഗാർഡ്മാരെയും സജ്ജീകരിച്ചിട്ടുണ്ട്. ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനു 100 റെസ്ക്യൂ ഗാർഡുമാരെ 9 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ നേവി, കോസ്റ്റ് ഗാർഡ് എന്നീ കേന്ദ്ര ഏജൻസികളുടെയും കോസ്റ്റൽ പോലീസിന്റെയും ഷിപ്പുകളും, ബോട്ടുകളും, ഹെലികോപ്റ്ററുകളും കടലപകടങ്ങളിൽ പ്പെടുന്നവരെ രക്ഷിക്കുന്നതിനുള്ള രക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുക്കാറുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി അടിയന്തിര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 781 പേർ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽ നിന്നും ഇതിനോടകം 180 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്ക്വാഡുകളായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 320 എഫ്.ആർ.പി യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) ൽ ഉൾപ്പെടുത്തി

| | | | |
|---|---|---|---|
| | | | 'Providing FRP Boats Replacement and Nets for Traditional Fishermen, എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ യൂണിറ്റ് വിലയുള്ള 100 എഫ്.ആർ.പി യാനങ്ങൾ നൽകുന്നതിനു 500 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നു. പദ്ധതി ചെലവിന്റെ 24% (120 ലക്ഷം രൂപ) കേന്ദ്ര വിഹിതവും, 16% (80 ലക്ഷം രൂപ) സംസ്ഥാന വിഹിതവും, 60% (300 ലക്ഷം രൂപ) ഉണഭോക്തൃ വിഹിതവും ആണ്. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന ( PMMSY) ൽ ഉൾപ്പെടുത്തി 100 എഫ്.ആർ.പി യാനങ്ങൾ നൽകുന്നതിനു 500 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | തീരദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് പരസ്പര ആശയ വിനിമയം നടത്തുവാൻ കഴിയുന്ന വിധത്തിൽ പരമ്പരാഗത യാനങ്ങൾക്ക് വി.എച്ച്.എഫ് അനുവദിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | തീരദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് പരസ്പര ആശയ വിനിമയം നടത്തുവാൻ കഴിയുന്ന വിധത്തിൽ പരമ്പരാഗത യാനങ്ങൾക്ക് വി.എച്ച്.എഫ് അനുവദിക്കുന്ന 280.88 ലക്ഷം രൂപയുടെ പദ്ധതി 81% സബ്സിഡിയോടു കൂടി നടപ്പ് സാമ്പത്തിക വർഷത്തെ മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 300 യാനങ്ങളിൽ വി . എച്ച് .എഫ് സ്ഥാപിക്കൽ പൂർത്തീകരിച്ചിട്ടുണ്ട് . വി . എച്ച് .എഫ് ഉപയോഗിക്കുന്ന ഓരോ യാനത്തിനും എം .എം .എസ് .ഐ . ഐ .ഡി (MMSI ID), ഓരോ വി . എച്ച് .എഫ് നും ഡബ്ല്യൂ . പി. സി ലൈസൻസ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള 536 യാനങ്ങളിൽ കൂടി വി . എച്ച് .എഫ് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു . |
| (സി) | 2011-2016 കാലഘട്ടത്തിൽ കടൽ സുരക്ഷയ്ക്കായി | (സി) | 2015-16 സാമ്പത്തിക വർഷം കടൽ സുരക്ഷ |

| | | | |
|---|---|---|---|
| | നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | | മുൻനിർത്തി 300 യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് ഡിവൈസ് , 300 യാനങ്ങളിൽ ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (HRP) സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിരുന്നു എങ്കിലും 2016 ന് ശേഷമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . |
| (ഡി) | 2016 മുതൽ നാളിതുവരെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; കടൽ സുരക്ഷയ്ക്കായി എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (ഡി) | 2016 മുതൽ നാളിതുവരെ മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷയ്ക്കായി അനുവദിച്ച വ്യക്തിഗത ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം മുതൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10 % ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.<br>2. 2017-18 വർഷം മുതൽ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 2093 എണ്ണം ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്സും 908 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.<br>3. നടപ്പ് സാമ്പത്തിക വർഷം മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 660 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസുകളും 836 വി.എച്ച്.എഫ് കളും വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 400 GPS കളും 300 വി.എച്ച്.എഫ് കളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.<br>4. മത്സ്യബന്ധനത്തിന് പോകുമ്പോൾ യാനങ്ങളിലെ ജീവനക്കാരുടെ രക്ഷക്കായി ജീവൻ രക്ഷ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ യാനങ്ങളിൽ കരുതണമെന്ന് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. 40000 ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.<br>5. ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് |

ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

6. മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ഇൻഷ്വറൻസ് പരിരക്ഷ 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷമായി ഉയർത്തി.

കടൽ സുരക്ഷയ്ക്കായി ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ പറയും പ്രകാരം ആണ്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി ഐ.എസ്.ആർ.ഒ യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായ തിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'ബ്ലൂടൂത്ത് ലോ എനർജി (BLE) സംവിധാനവും ജിപിഎസ് ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു ടെലിമാറ്റിക്സ് ഗേറ്റ് വേ അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുമുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തി വരുന്നു.

ഓഖി പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും, കാലാവസ്ഥാ മുന്നറിയിപ്പുള്ളപ്പോഴും, അല്ലാതെയും മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുമ്പോൾ യഥാസമയം വിവര കൈമാറ്റം സാധ്യമാക്കുന്നതിലേക്കായി പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കീഴിൽ 60:40 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും വകയിരുത്തി ഗുണഭോക്തൃ വിഹിതമില്ലാതെ 100 ശതമാനം സബ്സിഡിയോടെ മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന ദേശീയ റോളൗട്ട് പദ്ധതിയ്ക്ക് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി 6000 (2648

| | | | |
|---|---|---|---|
| | | | മോട്ടറൈസ്ഡ് നോൺ മെക്കനൈസ്ഡ് + 3352 മോട്ടറൈസ്ഡ് മെക്കനൈസ്ഡ്) യാനങ്ങളിലാണ് ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നത്. അന്താരാഷ്ട്ര അതിർത്തി കടന്ന് മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ മറ്റ രാജ്യങ്ങളുടെ സൈന്യത്തിന്റെ പിടിയിലാകുന്ന സാഹചര്യവും, കപ്പൽചാൽ തിരിച്ചറിയാൻ കഴിയാതെ കപ്പൽ ഇടിച്ച് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യവും മറികടക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ആശയവിനിമയത്തിനും, നിരീക്ഷണത്തിനും, നിയന്ത്രണത്തിനും ഈ പദ്ധതി സഹായകരമായിരിക്കും. |

സെക്ഷൻ ഓഫീസർ